LIBRARY ARCHIVES Kerala Legislative Assembly

ടർബോ ഫാൻ, സി.സി.റ്റി.വി സർവയിലൻസ് ക്യാമറകൾ, ചൂടട് അനായാസമാക്കുന്ന ഹൈഡ്രോളിക് പുള്ളറ്റ് ടെക്കുകൾ, ഷെഡ്ഡുകളുടെ ഊഷ്മാവ് ക്രമീകരിക്കുന്നതിനുള്ള തെർമൽ സിസ്റ്റം, തൊഴിലാളികളുടെ കുട്ടികൾക്ക് ആവശ്യമായ തൊട്ടിൽപ്പുര എന്നിവ കോർപ്പറേഷനിൽ നടപ്പിലാക്കിയിരുന്നു. 2016-17 മുതൽ 2020-21 വരെ കാപ്പെക്സിന്റെ കശുവണ്ടി ഫാക്ടറികളുടെ നവീകരണവും ഭാഗികമായ യന്ത്രവത്ക്കരണത്തിനുമായി അനുവദിച്ച 5.19 കോടി രൂപ വിനിയോഗിച്ച് കാപ്പെക്സിന്റെ അധീനതയിലുള്ള പെരുമ്പുഴ ഫാക്ടറി പൂർണ്ണമായും പുനനിർമ്മിക്കുകയും കാപ്പെക്സ് ഹെഡ്ഡ് ഓഫീസും 10 ഫാക്ടറികളും പാക്കിംഗ് സെന്ററും തമ്മിൽ ഇന്റഗ്രേറ്റഡ് സോഫ്റ്റ്വെയർ കൊണ്ട് സി.സി.ടി.വി.-കൾ മുഖേന ബന്ധിപ്പിക്കുകയും കാപ്പെക്സിന്റെ അധീനതയിലുള്ള 10 ഫാക്ടറികളിലെ ഷെല്ലിംഗ്, പീലിംഗ്, ഗ്രേഡിംഗ് ഷെഡ്ഡുകൾ അറ്റകുറ്റപ്പണികൾ നടത്തുകയും 10 ഫാക്ടറികളിൽ ആവശ്യമായ ടോയ്ലറ്റ്, ചുറ്റുമതിൽ മുതലായവ നിർമ്മിക്കുകയും തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ആധുനിക നിലവാരമുള്ള കട്ടിംഗ് മെഷീനുകൾ, പീലിംഗ് ടേബിളുകൾ, ഗ്രേഡിംഗ് ടേബിളുകൾ മുതലായവ വാങ്ങി 10 ഫാക്ടറികളിലായി സ്ഥാപിക്കുകയും ചെയ്തു. കൂടാതെ തോട്ടുപുര, ഗോഡൗണുകൾ, യാർഡുകൾ, കുടിവെള്ള സംഭരണികൾ മുതലായവ അറ്റകുറ്റപ്പണികൾ നടത്തുകയും ചെയ്തിട്ടുണ്ട്.

കണ്ണറ മണ്ഡലത്തിലെ കാപെക്സ് ഫാക്ടറികൾ

165 (3597) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണറ നിയോജകമണ്ഡലത്തിൽ കാപ്പെക്സിനു കീഴിൽ എത്ര കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

കണ്ണറ നിയോജക മണ്ഡലത്തിൽ കാപ്പെക്സിന് കീഴിൽ പെരിനാട് CWICS, പെരുമ്പുഴ CWICS എന്നീ രണ്ടു കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) കാപെക്സിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ 2020-2021 വർഷങ്ങളിലായി എത്ര പ്രവൃത്തി ദിനങ്ങൾ ഉണ്ടായിരുന്നുവെന്ന് അറിയിക്കുമോ?

കാപ്പക്സിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിൽ 2020-ൽ 160 പ്രവൃത്തി ദിനങ്ങളും 2021 ജൂലായ് 30-ാം തീയതി വരെ 62 പ്രവൃത്തി ദിനങ്ങളും ഉണ്ടായിരുന്നു.